സബ്മിഷൻ

## പ്രകൃതി വാതക പൈപ്പ് ലൈൻ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ പ്രവർത്തനക്ഷമമായതോടെ കേരളത്തിൽ ദ്രവീകൃത പ്രകൃതിവാതകം ലഭ്യമായിത്തുടങ്ങിയിരിക്കുകയാണ്. മറ്റ് പെട്രോളിയം ഇന്ധനങ്ങളായ നാഫ്ത, ഫർണസ് ഓയിൽ എന്നിവയുടെ തുടരെത്തുടരെയുള്ള വില വർദ്ധനവ് എല്ലാവിധ ഉപഭോക്താക്കളേയും വ്യവസായങ്ങളേയും അതീവ പ്രതിസന്ധിയിലാക്കുന്നുണ്ട്. പൊതുജനങ്ങൾ വൻതോതിൽ ഉപയോഗിച്ചുവരുന്ന പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ വില അനുദിനം കുതിച്ചുയരുകയാണ്. ഈ അവസരത്തിൽ താരതമ്യേന വില കുറഞ്ഞതും അന്തരീക്ഷ മലിനീകരണം കുറവുള്ളതുമായ ദ്രവീകൃത പ്രകൃതിവാതകം ഉപയോഗപ്പെടുത്തുന്നതിൽ സർക്കാർ വീഴ്ച വരുത്തിയിരിക്കുകയാണ്. വ്യവസായികൾക്കും, വൈദ്യുതി പ്ലാന്റുകൾക്കും, വാഹനങ്ങൾക്കും മാത്രമല്ല ഗാർഹിക ആവശ്യങ്ങൾക്കും പൈപ്പ് ലൈൻ വഴി എൽ.എൻ.ജി. ലഭ്യമാക്കാൻ സാധിക്കും. ഇത്തരത്തിൽ സമസ്ത മേഖലകളിലും ഉപയോഗപ്രദമായ പ്രകൃതിവാതകം കേരളത്തിൽ ലഭ്യമാക്കാനാവശ്യമായ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടത് അടിയന്തിരാവശ്യമാണ്. കൊച്ചിയിൽ നിന്ന് കാസർഗോഡ്, പാലക്കാട്, കായംകുളം എന്നീ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ ഗെയിൽ, എൽ.ഡിഎഫ് സർക്കാരിന്റെ കാലത്ത് പദ്ധതി തയ്യാറാക്കിയിരുന്നു. ഇന്നിപ്പോൾ 3 വർഷം പിന്നിട്ടശേഷവും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. കേരളത്തിന്റെ സുപ്രധാനമായ ഈ അടിസ്ഥാനസൗകര്യ വികസനപദ്ധതി മുന്നോട്ടു കൊണ്ടു പോകുന്നതിൽ

സർക്കാർ നാളിതുവരെ ഫലപ്രദമായി ഇടപെട്ടിട്ടില്ല. ദ്രവീകൃത പ്രകൃതി വാതകം കാര്യക്ഷമമായി ഉപയോഗപ്രദമാക്കുന്നതിൽ സർക്കാർ വീഴ്ച വരുത്തിയിരിക്കുകയാണ്. ഇക്കാരണത്താൽ മറ്റ് വിലകൂടിയ ഇന്ധനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നു. ഇതുമൂലം നമ്മുടെ വ്യാവസായിക, വാണിജ്യ, ഗാർഹിക, ഗതാഗത മേഖലകളിലെല്ലാം ദിനംപ്രതി വലിയ സാമ്പത്തിക നഷ്ടമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇനിയും കാലതാമസമുണ്ടാകാതെ, സർക്കാർ ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളെയെല്ലാം ബന്ധിപ്പിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ഗെയിലിന്റെ പദ്ധതിക്ക് പൂർണ്ണമായ സഹകരണം നൽകണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചതുപോലെ, ഈ പദ്ധതിക്ക് കാലതാമസമുണ്ടായിട്ടുണ്ട്. പല സ്ഥലങ്ങളിലും ജനങ്ങളുടെ ഭാഗത്തുനിന്ന് എതിർപ്പുണ്ടായതാണ് ഇതിന് കാരണം. കേരളത്തിലെ ഏഴ് ജില്ലകളിലായി, ആകെയുള്ള 505 കിലോമീറ്ററിൽ 415 കിലോമീറ്ററും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായുള്ള റൈറ്റ് ഓഫ് യൂസ് നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. ബാക്കിയുള്ള ഭാഗങ്ങളിലെ നടപടികൾ പുരോഗമിച്ചുവരുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പൈപ്പ്, ഉപകരണങ്ങൾ എന്നിവ പദ്ധതി പ്രദേശത്ത് എത്തിച്ചിട്ടുണ്ട്. എല്ലാ അനുമതിയും കിട്ടിയതിനുശേഷമാണ് ഈ പ്രവർത്തന പരിപാടികളുമായി മുമ്പോട്ടു നീങ്ങിയത്. പൈപ്പിടൽ പദ്ധതി 2013 ഡിസംബറിൽ പൂർത്തിയാക്കാനാണുദ്ദേശിച്ചിരുന്നത്. എന്നാൽ സ്ഥലമെടുപ്പ് സംബന്ധിച്ച് പദ്ധതി പ്രദേശത്തെ ജനങ്ങളു

ടെയും ചില സംഘടനകളുടെയും എതിർപ്പും പദ്ധതിയുടെ സുരക്ഷയെ സംബന്ധിച്ച് ജനങ്ങളിലുടലെടുത്ത ആശങ്കയും കാരണം ഉദ്ദേശിച്ച രീതിയിൽ ഇത് പുരോഗമിച്ചില്ല. വാതക പൈപ്പ്ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ജന ങ്ങൾക്കുള്ള ആശങ്ക ദൂരീകരിക്കുന്നതിനായി വിവിധ തലങ്ങളിൽ ബോധവ ത്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം ഭൂവുടമകൾക്ക് നൽകാൻ ഗെയിൽ സന്നദ്ധത അറിയിക്കുകയും ചെയ്തു. ജനവാസകേന്ദ്ര ങ്ങളെ പൂർണ്ണമായി ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കണമെന്നതാണ് ജന ങ്ങളുടെ പ്രധാനപ്പെട്ട ആവശ്യം. ഇത് അപ്രായോഗികമാണെങ്കിലും ജനങ്ങ ളുടെ ആവശ്യങ്ങൾ എത്രമാത്രം അംഗീകരിക്കാൻ സാധിക്കുമെന്ന് പരിശോ ധിക്കാൻ 28-05-2014-ൽ എന്റെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗ ത്തിൽ തീരുമാനമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ബ്രിട്ടീഷ് ഭരണകാലം മുതൽ നിലവിലുണ്ടായിരുന്നതും ഇപ്പോൾ ഉപയോഗശൂന്യമായതുമായ കനോലി കനാൽ പോലെയുള്ള കനാലുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കു ന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഉന്നതതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മേൽ കമ്മിറ്റികളുടെ റിപ്പോർട്ടുകൾ ലഭിച്ചാലുടൻതന്നെ അവ പരിശോധിച്ച് പദ്ധതി സമയബന്ധിത മായി പൂർത്തീകരിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

## ദൈവദശകം ശതാബ്ദി ആഘോഷം

ശ്രീ. വർക്കല കഹാർ: സർ, ശ്രീ നാരായണഗുരുദേവനാൽ വിരചിത മായ ദൈവദശകത്തിന്റെ രചനാശതാബ്ദി ആഘോഷങ്ങൾ നടന്നുവരിക

യാണ്. ഭാരതത്തിന്റെ മതേതര മനസ്സിന്റെ പ്രതിഫലനം കൂടിയാണ് ദൈവദശകം. ഏതൊരാൾക്കും ദൈവദശകം ചൊല്ലി പ്രാർത്ഥിക്കാമെന്നായിരുന്നു ഗുരുദേവന്റെ ദർശനം. അന്താരാഷ്ട്രതലത്തിൽപോലും ദൈവദശകത്തിന്റെ പ്രസക്തി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സമയമാണിത്. ആത്മീയതയ്ക്കപ്പുറം സാഹിത്യഭംഗികൊണ്ടും ദൈവദശകം ശ്രേഷ്ഠമാണ്. *'ജയിക്കുക മഹാദേവ, ദീനവന പരായണ, ജയിക്കുക ചിദാനന്ദ, ദയാസിന്ധോ ജയിക്കുക'*- പരമകാരുണ്യവാനായ ദൈവത്തെക്കുറിച്ച് ഇത്ര ലളിതമായും മനോഹരമായും വർണ്ണിക്കുന്ന വരികൾ അപൂർവ്വമാണ്. നമ്മുടെ തത്വചിന്തയുടെയും പാശ്ചാത്യതത്വചിന്തയുടെയും പൊരുൾ ഇതുപോലെ ഉൾക്കൊള്ളുന്ന കാവ്യമില്ലെന്നുതന്നെ പറയാം. ദൈവദശകത്തിന്റെ നൂറാം വർഷത്തിൽ സർക്കാർ ഉചിതമായിത്തന്നെ ശതാബ്ദി ആഘോഷപരിപാടികൾ നടത്തേണ്ടതുണ്ട്. ശ്രീനാരായണഗുരുദേവന്റെ പുസ്തകങ്ങൾ പാഠ്യ പദ്ധതിയിലുൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ബഹുമാന്യനായ മുഖ്യമന്ത്രി മുൻകൈയെടുത്ത് സ്വീകരിച്ചതിൽ ശ്രീനാരായണീ ഭക്തർക്കുള്ള നന്ദി ഇത്തരുണത്തിൽ രേഖപ്പെടുത്തുകയാണ്. അതോടൊപ്പംതന്നെ ഗുരുദേവന്റെ ആഗ്രഹമായിരുന്ന സർവ്വമത പാഠശാല ദൈവദശകം ശതാബ്ദി സ്മാരകമായി ശിവഗിരിയിൽ നിർമ്മിക്കാൻ സർക്കാർ തയ്യാറാകണം. ഇത് മാനുഷിക ഐക്യം ഊട്ടിയുറപ്പിക്കുന്നതിന് ഏറ്റവും ആവശ്യമുള്ള കാര്യവുമാണ്. ദൈവദശകം ശതാബ്ദി സ്റ്റാമ്പ് പുറത്തിറക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കണം. ദൈവദശകത്തിന്റെ പ്രാധാന്യമുൾക്കൊണ്ടുകൊണ്ടുള്ള ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങൾ പുറത്തിറക്കാൻ പി.ആർ.ഡി.ക്ക് നിർദ്ദേശം

നൽകണം. ദൈവദശകം ശതാബ്ദി അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കുവാനും സർക്കാർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീനാരായണ ഗുരുദേവന്റെ ദൈവദശകം രചനാശതാബ്ദി വർഷമാണിത്. ദൈവദശകത്തിന്റെ പ്രാധാന്യവും പ്രസക്തിയും ഈ സമൂഹം പൂർണ്ണമായും ഉൾക്കൊണ്ടിട്ടുണ്ട്. അതിന്റെ സ്മരണാർത്ഥം ശിവഗിരിയിൽ സർവ്വമത പാഠശാല സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ വന്നിട്ടില്ല. എന്നാൽ ശിവഗിരിയിൽ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനായി സാംസ്കാരിക വകുപ്പിൽ നിന്നും 3 കോടി രൂപ അനുവദിച്ചിരുന്നു. ദൈവദശകം രചനാ ശതാബ്ദി സ്മാരക സ്റ്റാമ്പ് പുറത്തിറക്കുന്നതിനുള്ള നിർദ്ദേശം നേരത്തെതന്നെയുണ്ട്. ആ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ കൊണ്ടുവരുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ മറ്റ് നിർദ്ദേശങ്ങളുടെ സാദ്ധ്യതകളെപ്പറ്റി പ്രത്യേകം പരിശോധിക്കുന്നതാണ്.

**കോഴിക്കോട് കോമൺവെൽത്ത് ട്രസ്റ്റ് (ഏറ്റെടുക്കലും കൈമാറ്റവും) നിയമം**

ശ്രീ. എ. പ്രദീപ് കുമാർ: സർ, കോഴിക്കോടുള്ള കോമൺവെൽത്ത് ട്രസ്റ്റ് ഇന്ത്യാ ലിമിറ്റഡ് എന്ന കമ്പനിയും അതിന്റെ ഭൂമിയും സ്വത്തുക്കളും ഏറ്റെടുക്കാനുള്ള ഒരു ബിൽ ഈ നിയമസഭയിൽ ഏകകണ്ഠമായി പാസ്സാക്കിയിട്ട് ഏകദേശം രണ്ട് വർഷം കഴിയുകയാണ്. 2012 ജൂലൈ 25-നാണ് നിയമസഭയിൽ ആ ബിൽ പാസ്സാക്കിയതെങ്കിലും ഏറ്റെടുക്കൽ പ്രക്രിയ ഇതുവരെ പൂർത്തിയായിട്ടില്ല. 175 വർഷങ്ങൾക്കുമുമ്പ് ജർമ്മൻ മിഷണറിമാർ സ്ഥാപിച്ച ആ സ്ഥാപനം പലനിലയിലും പ്രാധാന്യമുള്ളതാണ്. ആയിരക്കണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന ഒരു ടെക്സ്റ്റൈൽ മിൽ അവിടെയുണ്ടാ

യിരുന്നു. ഇന്ത്യയുടെ യശസ്സ് ലോകാന്തരങ്ങളിലേയ്ക്ക് എത്തിച്ച ഏറ്റവും മികവുറ്റ തുണിത്തരങ്ങൾ ആ കമ്പനിയിൽ നിന്നുൽപ്പാദിപ്പിച്ചിരുന്നു. വിക്ടോറിയൻ ആർക്കിടെക്ച്ചറിന്റെ ശിൽപചാതുരിയോടെ കോഴിക്കോട് നഗരത്തിന്റെ ഹൃദയഭൂമിയായ മാനാഞ്ചിറയോട് ചേർന്നുനിൽക്കുന്ന, നമ്മുടെ പൈതൃകസ്വത്തായ അതിമനോഹരമായ കെട്ടിട സമുച്ചയം അവിടെയുണ്ട്. ഈ പ്രാധാന്യം പരിഗണിച്ചാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കമ്പനിയും സ്വത്തുക്കളും ഏറ്റെടുക്കാനുള്ള ഓർഡിനൻസ് കൊണ്ടുവന്നത്. പക്ഷെ, ആ ഓർഡിനൻസ് നിയമമാകുന്നതിനുമുമ്പ് തെരഞ്ഞെടുപ്പ് വരികയും ഈ ഗവൺമെന്റ് അധികാരത്തിൽവരികയും ചെയ്തപ്പോൾ, ഒരു വർഷത്തെ കാലതമാസമുണ്ടായെങ്കിലും വ്യവസായ വകുപ്പു മന്ത്രി ആ നിയമം നിയസഭയിൽ അവതരിപ്പിക്കുകയും ഏകകണ്ഠമായി പാസ്സാക്കുകയും അത് കേന്ദ്രത്തിന്റെ അനുമതിക്കായി അയച്ചുകൊടുക്കുകയും ചെയ്തു. പിന്നീട് കേന്ദ്രത്തിൽ നിന്നും ചില ക്ലാരിഫിക്കേഷനുകൾ ചോദിച്ചപ്പോൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിൽനിന്ന് അതിന് മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടു. തൊഴിലാളികളുടെ ഇ.എസ്.ഐ., പ്രൊവിഡന്റ് ഫണ്ട് ഉൾപ്പെടെയുള്ള ബാദ്ധ്യതകൾ പരിഹരിക്കുന്നതിന് കൈക്കൊള്ളേണ്ട ചില നടപടികൾ സംബന്ധിച്ച് വ്യക്തതയുണ്ടാകാത്തതിനെത്തുടർന്നാണ് കേന്ദ്രാനുമതി കിട്ടുന്നതിന് വൈകുന്നതെന്നാണ് മനസ്സിലാക്കുന്നത്. എന്തായാലും ബിൽ പാസ്സാക്കി രണ്ട് വർഷം കഴിഞ്ഞിട്ടും ഏറ്റെടുക്കൽ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കാത്തത് അപമാനകരമാണ്. മാനേജ്മെന്റ് അവിടത്തെ ഭൂമി വിറ്റുകൊണ്ടിരിക്കുകയായിരുന്നു. ഭൂമി വാങ്ങിക്കൂട്ടിയ ആളുകൾ അവിടെയുള്ള മനോഹരമായ ശിൽപചാതുരിയോടെയുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിട സമുച്ചയമുണ്ടാക്കാനുള്ള പ്ലാനുൾപ്പെടെ

പാസ്സാക്കിയെന്നും അതിനായി അവർ കോടതിയെ സമീപിച്ചതായും അറിയാൻ കഴിഞ്ഞു. മാനാഞ്ചിറ മൈതാനമില്ലാത്ത കോഴിക്കോടിനെക്കുറിച്ച് ചിന്തിക്കാൻപോലും കഴിയില്ല. അതുപോലെതന്നെയാണ് പ്രസ്തുത ഫാക്ടറിയുടെയും സ്ഥിതി. കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇന്നത്തെ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും അവിടെ വന്ന് ഈ പ്രശ്നത്തിന്മേൽ സമരം നടത്തിയതാണ്. ഇതിന്റെ പ്രാധാന്യമുൾക്കൊണ്ട് എത്രയും പെട്ടെന്ന് ആ നിയമം പ്രാവർത്തികമാക്കുന്നതിനാവശ്യമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റ് നടത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും വിവരസാങ്കേതികയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞകാര്യം വളരെ ശരിയാണ്. ഇതിനായി ഈ സഭ ഐക്യകണ്ഠ്യേന ഒരു നിയമം പാസ്സാക്കിയെങ്കിലും അതിന്റെ അംഗീകാരത്തിന് ചില സാങ്കേതിക പ്രശ്നങ്ങൾ വന്നു. ആ പ്രശ്നങ്ങളെല്ലാം ഇപ്പോൾ തീർന്നിട്ടുണ്ട്. തൊഴിലാളികളുടെ പി.എഫും. മറ്റാനുകൂല്യങ്ങളുമായി ബന്ധപ്പെട്ട വിഷയമായിരുന്നു, അത് കേരള ഗവൺമെന്റ് കൊടുക്കാമെന്ന് പറഞ്ഞു. അങ്ങനെ പറയാനാണെങ്കിൽപോലും നടപടിക്രമങ്ങൾ വളരെ നീണ്ടതാണ്. ഏതായാലും ധനകാര്യ, നിയമ വകുപ്പുദ്യോഗസ്ഥന്മാരുമായി 01-07-2014 നടത്തിയ ഒരു മീറ്റിംഗിൽ ഇതുസംബന്ധിച്ച് തീരുമാനമായിട്ടുണ്ട്. അക്കാര്യം കേന്ദ്രഗവൺമെന്റിനെ അറിയിക്കും. ആ ബില്ലിന് ഉടൻതന്നെ അംഗീകാരം കിട്ടുന്നതാണ്. വളരെ മനോഹരമായ, വിക്ടോറിയൻ ആർക്കിടെക്ച്ചറിലുള്ള ഈ പൈതൃക സ്വത്ത് തൊടാൻപോലും ആരെയും അനുവദിക്കുന്നതല്ല. മാനാഞ്ചിറ മൈതാനി

യെന്ന് പറയുമ്പോൾ അത് കോഴിക്കോടിന്റെ മുഖമുദ്രയാണ്. ഇതുസംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നുവെന്നത് ശരിയാണ്. ഏതായാലും ഈ സ്ഥലം കൈയേറുന്നതിനെ ഗവൺമെന്റ് ശക്തിയായി എതിർക്കും. ഈ ബില്ലിന് ഉടൻ തന്നെ അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പോലീസ് ക്വാർട്ടേഴ്സ് പുനർനിർമ്മിക്കൽ

ശ്രീ. എം. ഹംസ: സർ, ഒറ്റപ്പാലത്ത് ഇന്നുവരെ ഒരു ഫയർ സ്റ്റേഷനില്ല. ഒറ്റപ്പാലം പാലക്കാട് ജില്ലയിലെ ഒരു സബ്ഡിവിഷണൽ ആസ്ഥാനം കൂടിയാണ്. അവിടെ ഫയർ സ്റ്റേഷൻ വേണമെന്ന ഡിമാന്റ് കുറെക്കാലങ്ങളായി ഉന്നയിക്കുകയാണെങ്കിലും സ്ഥലമില്ലെന്ന കാരണം പറഞ്ഞാണ് അന്നൊക്കെ അത് നിഷേധിച്ചത്. ഇപ്പോൾ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കൈവശം ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന ഒന്നര ഏക്കറോളം സ്ഥലമുണ്ട്. അവിടെ പോലീസുകാർക്കാവശ്യമായ ഫ്ളാറ്റുകളും ഫയർ സ്റ്റേഷനും നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലമുണ്ട്. അത് ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ ഒരു ഫയർ സ്റ്റേഷനും പോലീസുകാർക്കുള്ള ഫ്ളാറ്റും നിർമ്മിക്കണമെന്നാണ് എന്റെ ഡിമാന്റ്. ഇവിടത്തേയ്ക്ക് ഒരു ഫയർ സ്റ്റേഷൻ ആവശ്യപ്പെടുമ്പോൾ തൊട്ടടുത്ത ഷൊർണ്ണൂരിൽ ഫയർ സ്റ്റേഷനുണ്ടെന്നായിരിക്കും പറയുക. എന്നാൽ അവിടത്തെ ഇപ്പോഴത്തെ സ്ഥിതി വളരെയധികം ദയനീയമാണ്. 2014-ൽ 187 ദിവസങ്ങളിലായി 322 കേസുകളാണ് ഷൊർണ്ണൂരിലെ ഫയർ സ്റ്റേഷൻ ഉദ്യോഗസ്ഥന്മാർ അറ്റന്റ് ചെയ്തത്. 221 തീപിടുത്ത സംഭവങ്ങളും 71 ഇൻസിഡന്റുകളും അവർ അറ്റന്റ് ചെയ്തു. 10 സ്റ്റാന്റ് ബൈ

ഡ്യൂട്ടിക്കും 20 ഇൻസ്പെക്ഷനുകൾക്കും പോയി. ഇതിനെല്ലാംകൂടി അവിടെ ആകെ 39 പോസ്റ്റുകളാണുള്ളത്. ഇപ്പോൾ 20 പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആകെയുള്ള 39 പോസ്റ്റുകളിൽ 19 പോസ്റ്റുകളാണ് ഫിൽ ചെയ്തിട്ടുള്ളത്. ഇത് തെളിയിക്കുന്നത് ഒറ്റപ്പാലം സബ്ഡിവിഷണൽ ആസ്ഥാനത്ത് ഒരു ഫയർ സ്റ്റേഷൻ വേണമെന്നതാണ്. സ്ഥലമില്ലെന്നുള്ള പരാതി ഇപ്പോൾ പരിഹരിക്കപ്പെട്ടു. അങ്ങയുടെ കയ്യിൽത്തന്നെ സ്ഥലമുണ്ട്. അതുകൊണ്ട് അങ്ങയുടെ കയ്യിൽത്തന്നെയാണ് ഫയർ സ്റ്റേഷൻ. 2 ഡിപ്പാർട്ടുമെന്റുകളും കൂട്ടിയോജിപ്പിച്ചുകൊണ്ട് അവിടെ ഒരു ഫയർ സ്റ്റേഷനും അതോടൊപ്പംതന്നെ പോലീസുകാർക്കുള്ള ഫ്ളാറ്റുമുണ്ടാകണമെന്ന ആഗ്രഹമാണ് ഞങ്ങൾക്കുള്ളത്. അത് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുമ്പിൽ അവതരിപ്പിക്കുകയാണ്. അനുകൂലമായ ഡിസിഷനുണ്ടാകണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒറ്റപ്പാലത്ത് ഒരു ഫയർ സ്റ്റേഷൻ വേണമെന്ന് ബഹുമാനപ്പെട്ട മെമ്പർ, എം. ഹംസ പറഞ്ഞത് ന്യായമായ ഒരു കാര്യംതന്നെയാണ്. എന്നാൽ, ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലവുമായി ബന്ധപ്പെട്ടതാണ് ഇവിടത്തെ പ്രശ്നം. പാലക്കാട് ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ പരിധിയിലെ പാലപ്പുറം 19-ാം മൈൽ എന്ന സ്ഥലത്ത് 291/3(എ), 291/2(ബി) എന്നീ രണ്ട് സർവ്വേ നമ്പരുകളിലായി 1.91 ഏക്കർ സ്ഥലം പോലീസ് ഡിപ്പാർട്ടുമെന്റിന് സ്വന്തമായിട്ടുണ്ട്. 2007 ഫെബ്രുവരി മാസത്തിൽ കേരളാ പോലീസ് ഹൗസിംഗ്

കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പണികഴിപ്പിച്ച 6 ക്വാർട്ടേഴ്സുകളിൽ 2008 ഡിസംബർ മാസം മുതൽ പോലീസുകാർ താമസിച്ചുവരികയാണ്. ഈ ക്വാർട്ടേഴ്സുകൾ കൂടാതെ പുതുതായി നിർമ്മിച്ച ജനമൈത്രി സെന്ററും ഡ്യൂട്ടിക്കെത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് വിശ്രമിക്കുന്നതിന് ഉപയോഗിക്കുന്ന ഓട് മേഞ്ഞ പഴയ കെട്ടിടവും ഇവിടെ സ്ഥിതിചെയ്യുന്നുണ്ട്. ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ, ട്രാഫിക് യൂണിറ്റ് എന്നിവയ്ക്കായി സബ് ഇൻസ്പെക്ടർമാർ 4, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാർ 3, സീനിയർ സി. പി.ഒ. 72 എന്നിങ്ങനെ 79 അംഗങ്ങളെയാണ് അനുവദിച്ചിട്ടുള്ളത്. ഇത്രയും അംഗങ്ങൾക്ക് കൂടുതൽ ക്വാർട്ടേഴ്സുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2013-2014-ലെ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് (എം.ഒ.പി.എഫ്.) വിഭാഗത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയ്ക്ക് 6 സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ (യു.എസ്.ക്യൂ.) അനുവദിച്ചിട്ടുണ്ട്. അതിനുവേണ്ടി മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് (എം.എച്ച്.എ.)-ന് 87 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. ഈ തുക ഒറ്റപ്പാലത്തെ ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി ഉപയോഗിക്കുന്ന കാര്യം ഞങ്ങൾ പരിശോധിച്ചുവരികയാണ്. അടുത്ത 5 വർഷത്തിനുള്ളിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ ഒറ്റപ്പാലം ഉൾപ്പെട്ടിട്ടില്ല. നിലവിൽ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നത്. ഒറ്റപ്പാലം പോലീസ് ക്വാർട്ടേഴ്സ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിലവിലുള്ള കെട്ടിടങ്ങൾക്കുപുറമെ ഒരു ജനമൈത്രി കേന്ദ്രവും കൂടി പ്രവർത്തിക്കുന്നതിനാൽ

ബാക്കിയുള്ള സ്ഥലം വളരെയധികം പരിമിതമാണ്. അവ പുതിയ ക്വാർട്ടേഴ്സുകളുടെ നിർമ്മാണത്തിനുപോലും പരിമിതമായേ തികയുകയുള്ളൂ. വാസ്തവത്തിൽ സ്ഥലത്തിന്റെ പ്രശ്നമാണ് ഇവിടെയുള്ളത്. ഫ്ളാറ്റ് പണിയണമെന്നാണ് അങ്ങ് പറയുന്നത്. അതേപ്പറ്റി നമുക്ക് പരിശോധിക്കാം. പക്ഷേ ഇവിടത്തെ പ്രശ്നമെന്നുപറയുന്നത്, സ്ഥലവും കെട്ടിടവുമുണ്ടെങ്കിൽപ്പോലും പല സ്ഥലങ്ങളിലും ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടില്ല എന്നുള്ളതാണ്. ഉദാഹരണമായി വൈക്കം തന്നെ എടുക്കാം. അവിടെ സ്ഥലവും കെട്ടിടവുമുണ്ടെങ്കിൽപ്പോലും ഒരു ഫയർ സ്റ്റേഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല. ഒറ്റപ്പാലത്തെ ഫയർ സ്റ്റേഷന്റെ കാര്യവും പരിഗണിക്കാവുന്നതാണ്. പല ഫയർ സ്റ്റേഷനുകളിലും സ്റ്റാഫുകൾ ഇല്ലെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. ആവശ്യമുള്ള സ്റ്റാഫിനായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരികയാണ്. ഇവിടെ മാത്രമല്ല, പല സ്ഥലങ്ങളിലുമായി ഏതാണ്ട് രണ്ടായിരത്തോളം ഒഴിവുകൾ ഫയർ ഫോഴ്സിലുണ്ട്. അതെല്ലാം പെട്ടെന്നുതന്നെ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഒറ്റപ്പാലത്തിന്റെ കാര്യത്തിൽ സ്ഥലവും കെട്ടിടവുമാണ് പ്രശ്നമായിട്ടുള്ളത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറും ഞാനുമായി ഒന്നുകൂടി സംസാരിക്കേണ്ടതുണ്ട്. സംസാരിച്ചുകഴിഞ്ഞ് ഒരു തീരുമാനത്തിലേയ്ക്കെത്താം.

## <u>അദ്ധ്യാപക തസ്തികകൾ</u>

<u>ശ്രീ. സി. മോയിൻകുട്ടി</u>: സർ, വളരെ ഗൗരവതരമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. എന്റെ മണ്ഡലത്തിലെ കൊടിയത്തൂർ പഞ്ചായത്തിലെ ചെറുവാടി

ഗവൺമെന്റ് ഹൈസ്ക്കൂളിനെ 3 വർഷൾക്കുമുമ്പ് ഹൈസ്ക്കൂളായി ഉയർത്തിയതാണ്, പ്രഥമ എസ്.എസ്.എൽ.സി. ബാച്ച് ഇത്തവണ 100 ശതമാനം വിജയവും നേടിയിരുന്നു. 1 മുതൽ 10 വരെ ക്ലാസ്സുകളിലായി 31 ഡിവിഷനുകളാണ് ഈ ഹൈസ്ക്കൂളിലുള്ളത്. 1178 കുട്ടികൾ പഠിക്കുന്ന ഈ ഹൈസ്ക്കൂൾ വിഭാഗത്തിൽ പ്രധാന അദ്ധ്യപക തസ്തിക അടക്കം 22 അദ്ധ്യാപകരെയാണ് വേണ്ടതായിട്ടുള്ളത്. എന്നാൽ കേവലം 4 തസ്തികകൾ മാത്രമാണ് രണ്ട് വർഷം മുമ്പ് അനുവദിച്ചുതന്നിട്ടുള്ളത്. ഇത്തവണ, 2014-2015-ൽ എട്ടാം ക്ലാസ്സിൽ ഒരു ഡിവിഷൻ കൂടി അനുവദിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ 18 അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. 22 അദ്ധ്യാപക തസ്തിക വേണ്ടിടത്ത് 18 അദ്ധ്യാപക തസ്തികയും ഒഴിഞ്ഞുകിടക്കുകയെന്നുപറഞ്ഞാൽ വാസ്തവത്തിൽ ഞെട്ടിപ്പിക്കുന്നതാണ്. ഈ പൊതുവിദ്യാലയത്തിന്റെ സുഗമമായ പ്രവർത്തനം ഗൗരവതരമായ പ്രതിസന്ധിയാണ് നേരിടുന്നത്. ഇതിന്റെ പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. വളരെ അടിയന്തിരമായി തസ്തികകൾ അനുവദിച്ച് അത്യന്തം ഗൗരവതരമായ ഈ പ്രതിസന്ധി പരിഹരിച്ച് സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള ഒരു സാഹചര്യം ഈ മണ്ഡലത്തിലെ ഹൈസ്ക്കൂളിന് നൽകണമെന്നുകൂടി അപേക്ഷിക്കുകയാണ്. വളരെ വൈകാതെ സത്വര നടപടികളുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 22-02-2011-ലെ ജി.ഒ.(എം.എസ്.) നം. 47/2011 പൊ.വി.വ. പ്രകാരം കോഴിക്കോട് ജില്ലയിലെ ചെറുവാടി, നല്ലളം എന്നീ സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തുകയുണ്ടായി. അതിനെത്തുടർന്ന് ഈ സ്കൂളുകളിലെ അടിസ്ഥാന വിഷയങ്ങൾക്ക് രണ്ടും ഭാഷയ്ക്ക് രണ്ടും വീതം ഹൈസ്ക്കൂൾ അസിസ്റ്റന്റ് തസ്തികകളും ക്ലാർക്ക്, പ്യൂൺ, എഫ്.ടി.എം. എന്നിവയ്ക്ക് ഓരോ തസ്തിക വീതവും 12-11-2012-ലെ ജി.ഒ.(എം.എസ്.) നം. 366/2012 പൊ.വി.വ. പ്രകാരം അനുവദിച്ചു. ഈ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. എം.വി. മൂസ ക്കോയയും മറ്റൊരാളും ചേർന്ന് ഫയൽ ചെയ്ത 30981/13 നമ്പർ റിട്ട് പെറ്റീഷനിൽ നല്ലളം ഹൈസ്ക്കൂളിലെ ഹെഡ്മാസ്റ്ററുടേയും ആവശ്യമായ അദ്ധ്യാപകരുടേയും തസ്തികകൾ സൃഷ്ടിക്കാനും അതുവരെ ബദൽ സംവി ധാനമായി ആവശ്യമായ അദ്ധ്യാപകരെ താൽക്കാലികമായി വിന്യസിക്കാനും നിർദ്ദേശിച്ചുകൊണ്ട് 07-02-2014-ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈസ്ക്കൂളുകളായി ഉയർത്തിയ ചെറുവാടി, നല്ലളം ഗവൺമെന്റ് ഹൈസ്കൂളുകളിൽ അധിക തസ്തികകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ അടിയന്തരമായി നടപടികൾ സ്വീകരിച്ചുവരികയാണ്. മന്ത്രിസഭാ യോഗതീരുമാനത്തിന് വിധേയമായി അദ്ധ്യാപക ബാങ്കിലുള്ള ഗവൺമെന്റ് സ്കൂളുകളിലെ അധിക സംരക്ഷിത അദ്ധ്യാപകരെ മാത്രമേ നിയ മിക്കാവൂ എന്നും മറ്റ് മാർഗ്ഗങ്ങളിലൂടെ നികത്തരുതെന്നുമുള്ള നിബന്ധന യോടെ വിവിധ വിഭാഗങ്ങളിലായി ചെറുവാടി ഗവൺമെന്റ് ഹൈസ്കൂളിൽ 17-ഉം നല്ലളം ഗവൺമെന്റ് ഹൈസ്കൂളിൽ 25-ഉം തസ്തികകൾ സൃഷ്ടി

ക്കാൻ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അദ്ധ്യാപക ബാങ്കിൽ മേൽപ്പറഞ്ഞ തസ്തികകളിൽ നിയമിക്കുന്നതിനുവേണ്ടി മതിയായ സംരക്ഷിത സർക്കാർ അദ്ധ്യാപകരുണ്ടെങ്കിൽ മാത്രമേ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചപ്രകാരം തസ്തികകൾ നികത്താൻ കഴിയുകയുള്ളൂവെന്നതിനാൽ അത്തരം അദ്ധ്യാപകരുടെ ലഭ്യത സംബന്ധിച്ച് റിപ്പോർട്ടുചെയ്യാൻ സർക്കാരിന്റെ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പൊതുവിദ്യാഭ്യാസ രേഖ സംബന്ധിച്ച റിപ്പോർട്ടിൽ അദ്ധ്യാപക ബാങ്കിലുള്ള എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത അദ്ധ്യാപകരും ഉൾപ്പെട്ടിരുന്നു. എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത അദ്ധ്യാപകരെ മേൽപ്പറഞ്ഞ തസ്തികകളിൽ സ്ഥിരമായി നിയമിക്കുവാൻ കഴിയുകയില്ല. ആയതിനാൽ മേൽപ്പറഞ്ഞ ന്യൂനത പരിഹരിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും തസ്തികകളിൽ മതിയായ സംരക്ഷിത അദ്ധ്യാപകർ ബാങ്കിൽ ഇല്ലെന്ന് കാണുന്നപക്ഷം അത്തരം തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിന് ധനകാര്യ വകുപ്പിന്റെ അനുമതി തേടി മന്ത്രിസഭയുടെ അംഗീകാരത്തോടെ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്. ചെറുവാടി, നല്ലളം ഗവൺമെന്റ് ഹൈസ്കൂളുകളിലെ അദ്ധ്യയനം തടസ്സപ്പെടാതിരിക്കാൻ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതുവരെ ബദൽ സംവിധാനം ഏർപ്പെടുത്താൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ചെറുവാടി ഹൈസ്കൂളിലേയ്ക്ക് 16 അദ്ധ്യാപകരെയും നല്ലളം ഹൈസ്ക്കൂളിലേയ്ക്ക് 25 അദ്ധ്യാപകരെയും പുനർവിന്യാസം മുഖേനയും സ്ഥലംമാറ്റം മുഖേനയും നിയമിച്ചിട്ടുണ്ട്.

## കോട്ടോപ്പാടം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു കാര്യമാണ് ഞാൻ ഇവിടെ സബ്മിഷനായി ഉന്നയിക്കുന്നത്. മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് കോട്ടോപ്പാടം ആസ്ഥാനമാക്കി പുതിയ വിദ്യാഭ്യാസ ഉപജില്ലയുണ്ടാക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. ഇന്ന്, കേരളത്തിലെ ഒരു ഉപജില്ലയിലെ പ്രൈമറി സ്കൂളുകളുടെ ശരാശരി എണ്ണം 60 ആയിരിക്കെ മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലയിൽ നിലവിൽത്തന്നെ 107 സ്കൂളുകളുണ്ട്. പാലക്കാട് ജില്ലയിലെ ആകെ സർക്കാർ സ്കൂളുകളിൽ അഞ്ചിലൊന്നും എയ്ഡഡ് സ്കൂളുകളിൽ പത്തിലൊന്നും അംഗീകൃത സ്കൂളുകളിൽ മൂന്നിലൊന്നും ഈയൊരു സബ് ജില്ലയിലാണ്. ഒരു ഉപജില്ലയിലെ സ്കൂളുകളുടെ എണ്ണം 100 കവിഞ്ഞാൽ ഉപജില്ല വിഭജിക്കുക എന്ന കീഴ്വഴക്കം നിലവിലുള്ളതിനാൽ ഇത് വിഭജിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ മണ്ണാർക്കാട് ഉപജില്ല വിഭജിച്ച് പ്രദേശത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന അലനല്ലൂർ, തച്ചനാട്ടുകര, കോട്ടോപ്പാടം, കുമരംപുത്തൂർ എന്നീ 4 പഞ്ചായത്തുകൾ ചേർത്ത് കോട്ടോപ്പാടം കേന്ദ്രമാക്കി പുതിയ ഒരു ഉപജില്ല രൂപീകരിക്കേണ്ടത് പ്രദേശത്തിന്റെ പൊതുവായ വിദ്യാഭ്യാസ പുരോഗതിക്കും അക്കാദമികവും ഭരണപരവുമായ നിർവ്വഹണത്തിനും സഹായകരമാകും. ഉയർന്ന കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നതിനും ആദിവാസി മേഖലയിലടക്കമുള്ളതിന്റെ സമഗ്ര പുരോഗതിക്കും ഇത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള, ഏറ്റവും വിസ്തൃതി കൂടിയ, 75 കിലോ

മീറ്ററിൽപ്പരം നീളമാണ് മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലയ്ക്കുള്ളത്. അതു കൊണ്ടുതന്നെ ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എത്ര ശ്രമിച്ചാലും വർഷത്തിൽ രണ്ട് തവണ പോലും ഒരു സ്കൂളിൽ എത്തിച്ചേരാൻ കഴിയില്ല. ആ സാഹചര്യത്തിൽ മണ്ണാർക്കാട് പിന്നോക്ക മേഖലയുടെ വിദ്യാഭ്യാസ പുരോഗതിക്ക് നിലവിലുള്ള മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിഭജിച്ച് കോട്ടോപ്പാടം കേന്ദ്രമായി ഒരു വിദ്യാഭ്യാസ ഉപജില്ല കൂടിയുണ്ടാക്കണം. അതിൽ ഭരണപരമായി കൂടുതൽ സാമ്പത്തിക ബാദ്ധ്യത സർക്കാരിന് വരുന്നി ല്ല. നിലവിലുള്ള സർക്കാർ കെട്ടിടങ്ങളും ഉദ്യോഗസ്ഥന്മാരുടെ ഡിപ്ലോ യ്മെന്റുമുണ്ടെങ്കിൽ ഇത് സാദ്ധ്യമാകും. നിലവിൽ 13 പഞ്ചായത്തുകളാണ് ഈ ഒരു വിദ്യാഭ്യാസ ജില്ലയിലുള്ളത്. അതിൽ കോട്ടോപ്പാടം കേന്ദ്രമായി പുതിയ വിദ്യാഭ്യാസ ജില്ലയുണ്ടാക്കുമ്പോൾ അലനല്ലൂർ, കോട്ടോപ്പാടം, തച്ച നാട്ടുകര, കുമരംപുത്തൂർ എന്നീ പഞ്ചായത്തുകളെടുത്താൽ ആകെ 48 സ്കൂളുകളെ അതിന് കീഴിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. ശേഷി ക്കുന്ന മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലയിൽ 59 സ്കൂളുകളുണ്ടാകും. നിലവിലുള്ള 107 സ്കൂളുകളെ 59 സ്കൂളുകളും 48 സ്കൂളുകളുമായി വിഭ ജിക്കാൻ സാധിക്കും. അതൊരു ശാസ്ത്രീയമായ സമീപനവുമാണ്. അതു കൊണ്ട് ഈ ഒരു പ്രത്യേക സാഹചര്യം പരിഗണിച്ച് കോട്ടോപ്പാടം ആസ്ഥാന മാക്കി ഒരു പുതിയ വിദ്യാഭ്യാസ ഉപജില്ലയുണ്ടാക്കുവാനുള്ള തീരുമാനമുണ്ടാ കണമെന്ന് സവിനയം അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, പാലക്കാട് റവന്യൂ ജില്ലയിലെ 12 ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുക

ളിലൊന്നായ മണ്ണാർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനുകീഴിൽ ഗവൺമെന്റ് മേഖലയിൽ–50, എയ്ഡഡ് മേഖലയിൽ–50, അൺഎയ്ഡഡ് മേഖലയിൽ–7 എന്നിങ്ങനെ 107 സ്കൂളുകളുണ്ട്. മണ്ണാർക്കാട്, അട്ടപ്പാടി, ശ്രീകൃഷ്ണപുരം എന്നീ ബ്ലോക്കുകളിലായി 13 ഗ്രാമപഞ്ചായത്തുകൾ മണ്ണാർക്കാട് ഉപജില്ലയുടെ പരിധിയിലാണ്. മുപ്പതിനായിരത്തിൽപ്പരം വിദ്യാർത്ഥികളും ആയിരത്തിൽപ്പരം അദ്ധ്യാപകരും ഉപജില്ലാ പരിധി യിൽവരും. മണ്ണാർക്കാട് ഉപജില്ല വിഭജിച്ച് അലനെല്ലൂർ കേന്ദ്രമായ, അട്ടപ്പാടി കേന്ദ്രമായ പുതിയ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് രൂപീകരിക്കുന്നതിനുള്ള ശുപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അലനെല്ലൂർ, തച്ചനാട്ടുകര, കോട്ടോപ്പാടം, കുമരംപുത്തൂർ എന്നീ നാല് പഞ്ചായത്തുകൾ ചേർത്ത് പുതിയൊരു ഉപജില്ല രൂപീകരിക്കുകയാണെങ്കിൽ 15 ഗവൺമെന്റ് സ്കൂളുകളും 31 എയ്ഡഡ് സ്കൂളുകളും രണ്ട് അൺ–എയ്ഡഡ് അംഗീകൃത സ്കൂളുകളും പ്രസ്തുത ഉപജില്ലയിൽ ഉൾപ്പെടുത്താവുന്നതാണെന്നും കെട്ടിടം, ഫർണിച്ചർ എന്നിവ ഗവൺമെന്റിന് അധിക ബാധ്യതയില്ലാതെ കണ്ടെത്താവുന്നതാണെന്നുമാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുള്ളത്. പുതിയ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകൾ രൂപീകരിക്കുമ്പോൾ തദനുസൃതമായി അധിക തസ്തികകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ആയത് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതായതിനാൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായംകൂടി ഇക്കാര്യത്തിൽ തേടേണ്ടതുണ്ട്. ധനകാര്യ വകുപ്പിന്റെ അനുകൂല അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് മണ്ണാർക്കാട് ഉപജില്ല വിഭജിക്കുന്ന കാര്യത്തിൽ സർക്കാർ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. പ്രസ്തുത

വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിന്റെ ആസ്ഥാനം കോട്ടോപ്പാടമായി നിശ്ചയിക്കുന്ന കാര്യവും തദവസരത്തിൽ പരിശോധിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

ശ്രീ. ഇ. കെ. വിജയൻ: സർ, തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോ, കേരളത്തിൽത്തന്നെ ഏറ്റവും കൂടുതൽ ദിവസവരുമാനം ഉണ്ടാക്കിയിരുന്ന ഒരു ഡിപ്പോയായിരുന്നു. ഏറെ ജനകീയ സംരംഭത്തോടെ യാണ് ഈ ഡിപ്പോ പ്രവർത്തനമാരംഭിച്ചത്. കാവിലുംപാറ ഗ്രാമപഞ്ചായത്ത് രണ്ടേക്കർ സ്ഥലം സൗജന്യമായി നൽകി. മുൻ എം.പി, മുൻ എം.എൽ.എ. എന്നിവർ അവരുടെ ഫണ്ടുകൾ നീക്കിവച്ചുകൊണ്ട് അവിടെവേണ്ട മറ്റ് പശ്ചാ ത്തല സംവിധാനമൊരുക്കാനുള്ള സംവിധാനങ്ങളുണ്ടാക്കി. എന്റെ ആസ്തി വികസന ഫണ്ടായ 65 ലക്ഷം രൂപ അവിടത്തെ മറ്റ് പ്രവർത്തനങ്ങൾക്കു വേണ്ടി ഇപ്പോൾ നൽകിയിരിക്കുകയാണ്. പക്ഷേ ഇപ്പോൾ ആ ഡിപ്പോ തകർച്ചയുടെ വക്കിലാണ്. അഞ്ചുലക്ഷത്തിലേറെ ദിവസവരുമാനം ലഭിച്ച അവിടത്തെ വരുമാനം ഒരു ലക്ഷം രൂപയിലേയ്ക്ക് താഴുകയാണ്. ബസ്സുകൾ ഓടാനില്ല. അതിന് വിവിധങ്ങളായ കാരണങ്ങളാണ് പറയുന്നത്- സ്പെയർ പാർട്ട്സിന്റെ കുറവ്, പഴകിയ ബസ് തുടങ്ങിയവ. 40 ബസും അത്രയേറെ ഷെഡ്യൂളുകളുമൊക്കെ ഉണ്ടായിരുന്ന ഈ സബ്ഡിപ്പോയുടെ പ്രവർത്തനം ഇന്ന് വളരെ പരിതാപകരമായ അവസ്ഥയിലായി മാറിയിരിക്കുകയാണ്. മല യോര നിവാസികളുടെ മേഖലയാണ് ഇത്. ബാംഗ്ലൂർ, മൈസൂർ, കോട്ടയം, പാല, തിരുവനന്തപുരം, എറണാകുളം തുടങ്ങിയ റൂട്ടുകളിലേയ്ക്കും അവിടെ നിന്ന് ബസ് സർവ്വീസ് നടത്തിയിരുന്നു. ഇതിനൊരു പരിഹാരം കാണണ മെങ്കിൽ തീർച്ചയായും വകുപ്പിന്റെ സത്വരമായ ശ്രദ്ധ ഈ കാര്യത്തിൽ

ഉണ്ടാകേണ്ടതുണ്ട്. ഇപ്പോൾ എ.ടി.ഒ. അവിടെ ഇല്ലായെന്ന ഒരു പ്രശ്നമുണ്ട്. അവിടെ ഇപ്പോൾ പൊതുവായ ഒരു ചർച്ച നടക്കുന്നുണ്ട്. മിനിഞ്ഞാന്നുള്ള വീക്ഷണം പത്രത്തിൽ, ഡിപ്പോയെ തകർക്കാൻ ശ്രമിക്കുന്നതിന് പിന്നിൽ സ്വകാര്യ ബസ് മുതലാളിമാരുടെ സമ്മർദ്ദമാണെന്ന ആരോപണമുണ്ട്. ഞാൻ അത്തരമൊരു ആരോപണം ഉന്നയിക്കുന്നില്ല. വീക്ഷണം പത്രത്തിൽ വന്ന വാർത്ത ഞാൻ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എല്ലാവിധ പശ്ചാത്തല സൗകര്യവുമൊരുങ്ങിയ ഈ സാഹചര്യത്തിൽ ഈ ഡിപ്പോയോട് കാണിക്കുന്ന ഈ പരിതാപകരമായ അവസ്ഥയെ മാറ്റിനിർത്താൻ ബഹുമാന പ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് എല്ലാവിധ സഹായവും ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. ഞാൻ നേരിട്ട് മന്ത്രിയോടും എം.ഡി–യോടും ഈ വിഷയം പറഞ്ഞിട്ടുണ്ട്. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് എല്ലാവിധ ശ്രമങ്ങളും ഉണ്ടാകുമെന്ന വിശ്വാസത്തോടു കൂടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്ന് 40 ഷെഡ്യൂൾ നടത്തുന്നതിനാണ് അനുവാദം കൊടുത്തിട്ടു ള്ളത്. ഇതിന് 45 ബസും അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്പെയർ പാർട്സ്, ടയർ എന്നിവയുടെ ദൗർലഭ്യമുള്ളതുകൊണ്ട് 33 ഷെഡ്യൂൾവരെ മാത്രമേ അത് ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നുള്ളൂ. ഒരു സൂപ്പർ എക്സ്പ്രസ് ബസ് തൊട്ടിൽപ്പാലത്തുനിന്ന് ബാംഗ്ലൂരിലേയ്ക്ക് ഓപ്പറേറ്റ് ചെയ്തിരുന്നു. ചുര ത്തിൽക്കൂടി സർവ്വീസ് നടത്തുമ്പോൾ ബസ്സിന് തകരാർ സംഭവിക്കുകയാണെ

ങ്കിൽ ആ സർവ്വീസ് ചില ദിവസങ്ങളിൽ മുടങ്ങാറുണ്ട്. 4 സൂപ്പർ ഫാസ്റ്റ് ബസ് ഉപയോഗിച്ച് എറണാകുളം, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലേയ്ക്ക് മൂന്ന് സർവ്വീസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ എറണാകുളത്തേയ്ക്കും കോട്ടയത്തേയ്ക്കും ഓരോ ഫാസ്റ്റ് പാസഞ്ചർ സർവ്വീസും നടത്തുന്നുണ്ട്. തൊട്ടിൽപ്പാലം-കോഴിക്കോട് റൂട്ടിൽ 9 ചെയിൻ സർവ്വീസ് ഓടിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളതിൽ പ്രതിദിനം 7 സർവ്വീസുവരെ നടത്താറുണ്ട്. ഈ ഡിപ്പോയിൽനിന്ന് ലഭിക്കുന്ന ശരാശരി പ്രതിദിന വരുമാനം 3,70,000 രൂപയാണ്. ടയറിന്റെയും സ്പെയർ പാർട്സിന്റെയും ലഭ്യതക്കുറവ് പരിഹരിക്കാൻ കഴിയുന്നതോടുകൂടി തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നുള്ള സർവ്വീസ് ഓപ്പറേറ്റ് ചെയ്യാൻ കഴിയുമെന്ന് കണക്കാക്കുകയാണ്. ഈ കൂട്ടത്തിൽ അങ്ങ് ഇവിടെ സൂചിപ്പിച്ച ഒരു കാര്യം, കെ.എസ്.ആർ.ടി.സി.-യുടെ വിഷമത്തെക്കുറിച്ച് ഞാൻ പല പ്രാവശ്യമായി പറഞ്ഞിട്ടുള്ളതാണ്. എന്നാലും ഈ വിഷമത്തിന്റെ മധ്യത്തിൽനിന്ന് അതിനെ കരകയറ്റുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. കേരളത്തിലൊട്ടാകെ അറുനൂറോളം ബസ്സുകൾ സ്പെയർ പാർട്സുകൾ ഇല്ലാത്തതുകൊണ്ടും മൈനറായിട്ടുള്ള കാര്യങ്ങൾകൊണ്ടും ഓടിക്കാൻ നിവർത്തിയില്ലാതെ കിടക്കുകയാണ്. അതിൽ 300 ബസ്സെങ്കിലും ആദ്യത്തെ ഘട്ടത്തിൽനിന്ന്, ഈ ഡിപ്പോയിൽനിന്ന് പുറത്തിറക്കി ഓടിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. സാമ്പത്തിക ബാധ്യതയാണ് ഏറ്റവും പ്രധാനപ്പെട്ട ഘടകമെങ്കിലും ചെയ്യാവുന്നതിന്റെ പരമാവധി പരിശ്രമം നടത്തുകയാണ്. അങ്ങ് അവസാനം പറഞ്ഞൊരു വാക്ക് ഞാൻ നിഷേധിക്കുകയും ചെയ്യുകയാണ്. ഞാനാണ് മറുപടി പറയുന്നത് എന്നുള്ളതുകൊണ്ട് അങ്ങ് എനിക്ക് ഉതകുന്ന

ഒരു പത്രമെടുത്ത് ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. അങ്ങയുടെ ആ ബുദ്ധിയെ ഞാൻ നമിക്കുകയും ചെയ്യുകയാണ്. നമ്മുടെ മൊത്തമുള്ള വരുമാനത്തിൽനിന്ന് കോടതിയുടെ ഉത്തരവനുസരിച്ച് 10 ശതമാനം പെൻഷനറി ബെനിഫിറ്റ്നസിനുവേണ്ടി മാറ്റണം. അങ്ങേയ്ക്ക് ഇതെല്ലാം കൃത്യമായി അറിയാവുന്നതാണ്. അങ്ങ് ഇത് കുറേക്കാലം കൊണ്ടുനടന്ന് ഈ ദുരിതങ്ങളൊക്കെ അനുഭവിക്കുകയും ചെയ്ത ആളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇത് എങ്ങനെ കൊണ്ടുപോകുന്നു എന്നതാണ് അതിശയം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് എന്നോട് പറയുന്നതിന് പകരം ശ്രീ. ഇ. കെ. വിജയനോട് പറഞ്ഞിരുന്നുവെങ്കിൽ എന്റെ ഡ്യൂട്ടിയൊന്ന് കുറയുമായിരുന്നു. അതുകൊണ്ട് എങ്ങനെയെങ്കിലും നമുക്ക് ഇത് മുന്നോട്ട് കൊണ്ടുപോകണം. അതിനിടെ ഈ ദുരാക്ഷേപംകൂടി പറഞ്ഞാൽ നമുക്ക് എവിടെപ്പോയി ഒളിക്കാൻ കഴിയും? അതുകൊണ്ട് എല്ലാവരും സഹകരിക്കണം. മാക്സിമം നന്നാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. നന്നായി മുന്നോട്ട് കൊണ്ടുപോകണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് നിൽക്കുന്നത്. അങ്ങയുടെ വികാരം പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഞാൻതന്നെ തൊട്ടിൽപ്പാലം സ്റ്റേഷനിൽ നേരിട്ട് വിളിച്ച് എന്തൊക്കെ കുറവുണ്ട്, അത് ഇമ്മീഡിയറ്റായി സി.എം.ഡി-ക്ക് കൊടുക്കണമെന്നതിന്റെ ലിസ്റ്റ് പറഞ്ഞു. ചെയ്യാവുന്നതെല്ലാം പരമാവധി സഹായകരമായിത്തന്നെ ചെയ്യും. എനിക്ക് അങ്ങയോട് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. ഇവിടെ ബസ്സിന്റെ പോരായ്മയെക്കുറിച്ച് പൊതുവെ നിയമസഭയിലെ എല്ലാ അംഗങ്ങളും പറയാറുണ്ട്. അത് അവരുടെ ബാഹ്യസമ്മർദ്ദമാണ്. അതല്ലാതെ

നിവർത്തിയില്ല. ഇപ്പോൾ ഞങ്ങളൊരു പ്രൊപ്പോസൽ പറഞ്ഞു. എം.എൽ.എ. അസെറ്റ് ഡവലപ്മെന്റ് ഫണ്ടിനകത്തുനിന്ന് ഒരു നിശ്ചിത തുക കൊടുത്താൽ ഞങ്ങൾ ബസ്സോടിക്കാൻ തയ്യാറാണ്. ബസ്സില്ലാത്തതാണ് പ്രശ്നം. ആ ദാരിദ്ര്യം ഷെയർ ചെയ്യാൻ എല്ലാവരും തയ്യാറാകണം. ഒരു കോടിരൂപ കൊടുത്താൽ ആ സ്കീമനുസരിച്ച് നമുക്കെല്ലാവർക്കും വയബിൾ പ്രോജക്ടായി കൊണ്ടുപോകാം. ഓരോ പ്രദേശത്തെയും യാത്രാ പ്രശ്നം പരിഹരിക്കുകയാണ് വേണ്ടത്. ഒരു ജനപ്രതിനിധിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ആവശ്യം ആ നിയോജകമണ്ഡലത്തിലെ യാത്രാ പ്രശ്നം പരിഹരിക്കണമെന്നതാണ്. അല്ലെങ്കിൽ ജനപ്രതിനിധിയുടെ മുന്നി ലാണ് പരാതിയുമായി ആളുകൾ എത്തുന്നത്. അത് തീരണമെങ്കിൽ സ്വാഭാവി കമായും കെ.എസ്.ആർ.ടി.സി.-ക്കും അതിലൊരു ത്രാണിയുണ്ടാകണം. ആ ത്രാണിയുണ്ടാക്കുന്നതിനുവേണ്ടി ഞാൻ നേരത്തെതന്നെ ആ നിർദ്ദേശം വച്ച താണ്. ഇനിയും അത് എഴുതി സബ്മിറ്റ് ചെയ്യാം. നമുക്ക് ആ സ്കീമിനെക്കു റിച്ച് വളരെ ഗൗരവപൂർവ്വം ആലോചിക്കാം. നിയോജകമണ്ഡലത്തിലെ ഓർഡിനറി സർവ്വീസുകൾ...... അങ്ങയെപ്പോലെ വളരെ ഉദാരമനസ്ക്കരായ ചില ആളുകൾ ചെയ്തിട്ടില്ലായെന്ന് ഞാൻ പറയുന്നില്ല. ഇത് വയബിളായി പോകണ്ടേ? അങ്ങ് ഒന്നരക്കോടി രൂപ തന്നത് കെട്ടിടം പണിയാനാണ്. ഞാൻ ബസ് വാങ്ങിക്കുന്ന സ്കീമിനെക്കുറിച്ചാണ് പറഞ്ഞത്. ഒന്നരക്കോടി രൂപ നൽകിയതിന് ഞാൻ നന്ദി പറയുകയാണ്. അങ്ങയെപ്പോലെതന്നെ നമ്മുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള, എനിക്ക് ഈ ഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് കിട്ടു ന്നതിനുമുമ്പുതന്നെ കുറേ ആളുകൾ സഹായിച്ചിട്ടുണ്ട്. ഞാൻ അതെല്ലാം നന്ദിയോടുകൂടി ഉൾക്കൊള്ളുകയും ചെയ്യുകയാണ്. അതേസമയം നമുക്ക് ബസ് വേണം. ബസ് വാങ്ങിക്കുന്നതിന് പുതിയ സ്കീം വേണം. ആ സ്കീം

ജനപ്രതിനിധികളുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി നടപ്പാക്കണം.അതാണ് എന്റെ അഭ്യർത്ഥന. അങ്ങ് ഇവിടെ ഉന്നയിച്ച കാര്യം ഗൗരവമായി എടുക്കുന്നതാണ്.

## ലത്തീൻകത്തോലിക്കക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ആർ. സെൽവരാജ്: സർ, 1936 മുതൽ വിവിധ സംവരണാനുകൂല്യങ്ങൾ ലഭിച്ചുവരുന്ന ലത്തീൻകത്തോലിക്കക്കാർക്ക് റവന്യൂ അധികാരികൾ ചില കാരണങ്ങൾ പറഞ്ഞ് സർട്ടിഫിക്കറ്റുകൾ ഇപ്പോൾ നിരസിച്ചുവരികയാണ്. വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വലിയ സമൂഹമാണ് ലത്തീൻ കത്തോലിക്ക വിഭാഗം. 1947-നുമുമ്പ് ലത്തീൻകത്തോലിക്കക്കാർ ആയിരുന്നു എന്നതിന്റെ തെളിവിനായി പൂർവ്വികരുടെ സ്കൂൾ സർട്ടിഫിക്കറ്റുകളാണ് റവന്യൂ അധികാരികൾ ആവശ്യപ്പെടുന്നത്. 1947-നു മുമ്പുള്ള സ്കൂൾ രേഖകൾ പലർക്കുമില്ല. അതുകൊണ്ട് രൂപതാ അധ്യക്ഷന്മാർ നൽകുന്ന സർട്ടിഫിക്കറ്റിന് അംഗീകാരം നൽകുകയും അതുപോലെ ലത്തീൻ കത്തോലിക്കക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരവും പരിരക്ഷയും ഉണ്ടാകേണ്ടതും അത്യന്താപേക്ഷിതമാണെന്ന് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, 4-11-2010-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുപ്രകാരവും 22-8-2011 -ൽ പട്ടികജാതി വകുപ്പ് ഇറക്കിയ സർക്കുലർ അടിസ്ഥാനമാക്കിയാണ് ലത്തീൻകത്തോലിക്ക സമുദായങ്ങൾക്ക്

ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നത്. ഇതുപ്രകാരം 1947–നു മുമ്പ് ലത്തീൻകത്തോലിക്ക വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻകത്തോലിക്ക സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ അർഹതയുള്ളു. പുതുതായി ഇതര സമുദായങ്ങളിൽ നിന്നും ക്രിസ്തുമത്തിലെ ലത്തീൻ വിഭാഗത്തിൽ ചേർന്നവർക്കോ മറ്റു ക്രിസ്ത്യൻ വിഭാഗങ്ങളിൽ നിന്ന് ലത്തീൻ കത്തോലിക്കാ വിശ്വാസികളായവർക്കോ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ജാതിസംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റുകളെയോ മതപുരോഹിതന്മാർ നൽകുന്ന സർട്ടിഫിക്കറ്റുകളെയോ പൂർണ്ണമായി ആശ്രയിക്കാതെ അപേക്ഷകർ ഹാജരാക്കുന്ന രേഖകളുടെയും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ സ്കൂൾ രേഖകളിൽ ചേർത്തിട്ടുള്ള ജാതിയോ ഉപജാതിയോ അതായത് ലത്തീൻ കത്തോലിക്ക ഈഴവ, ലത്തീൻ കത്തോലിക്ക മുക്കുവ, ലത്തീൻ കത്തോലിക്ക നാടാർ എന്നിങ്ങനെ എന്തുതന്നയായാലും റവന്യൂ ഉദ്യോഗസ്ഥന്മാൽ ജാതിസർട്ടിഫിക്കറ്റ് നൽകേണ്ടത് ലത്തീൻകത്തോലിക്ക എന്നു മാത്രമായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 1947 എന്ന കാലപരിധി ഒഴിവാക്കികൊണ്ട് ലത്തീൻകത്തോലിക്ക മതവിശ്വാസികളായി ജീവിക്കുന്നു എന്ന് ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് കൂടി പരിഗണിച്ച് എല്ലാ ലത്തീൻകത്തോലിക്ക സമുദായങ്ങൾക്കും ജാതിസർട്ടിഫിക്കറ്റ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരി

ശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 4–4–2012–ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവുപ്രകാരം ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ പിതാവും ലത്തീൻ കത്തോലിക്ക സമുദായങ്ങൾ ആയിരുന്നു വെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകമായ ഒരു രേഖയായി പരിഗണിക്കേണ്ടതാ ണെന്നും പ്രസ്തുത രേഖയുടെയും വില്ലേജാഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ലത്തീൻകത്തോലിക്ക സമുദായങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാ ണെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റ് മതവിഭാഗത്തിൽപ്പെട്ട ആളുകൾ മതം മാറി ലത്തീൻ കത്തോലിക്ക വിഭാഗത്തിൽ ചേരുകയും ലത്തീൻകത്തോലിക്ക എന്ന ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ച് ആനുകൂല്യങ്ങൾ നേടുകയും ചെയ്യുന്നു എന്ന ആക്ഷേപത്തെ തുടർന്നാണ് സർക്കാർ ഈ ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുള്ളത്. ലത്തീൻ കത്തോലിക്കക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനായി പൂർവ്വികരുടെ സ്കൂൾ രേഖകൾ ഹാജരാക്കാൻ സർക്കാർ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല. രൂപതാ അധ്യക്ഷന്മാർ നൽകുന്ന സർട്ടിഫിക്കറ്റിന് അംഗീകാരം നൽകി ജാതി സർട്ടിഫിക്കറ്റ് നൽകുകയാണെങ്കിൽ സംവരണാനുകൂല്യം ലഭിക്കുന്ന ഇതര സമുദായക്കാരും സമാനമായ ആവശ്യം ഉന്നയിക്കുകയും അനർഹരായവർക്ക് സംവരാണുകൂല്യം ലഭിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുമെന്നതിനാൽ രൂപതാ അധ്യക്ഷന്മാർ നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകണമെന്ന ആവശ്യം നടപ്പിലാക്കുന്നത് പ്രായോഗികമാ

ണെന്ന് തോന്നുന്നില്ല. എന്നിരുന്നാലും ലത്തീൻ കത്തോലിക്ക വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിച്ച് നിയമാനുസൃതം കൈക്കൊള്ളാൻ കഴിയുന്ന എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട സ്പീക്കർ)

## കടലാക്രമണം

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തലയുടെ തീരപ്രദേശത്ത് കഴിഞ്ഞ രണ്ടു മാസത്തിലേറെയായി കടലാക്രമണം വളരെ രൂക്ഷമായി വമ്പിച്ച നാശനഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതിലേറ്റവും കൂടുതലായി കടലാക്രമണത്തിന് ജനങ്ങൾ വിധേയമാകുന്നത് അർത്തുങ്കൽപ്രദേശത്താണ്. അവിടെ പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഫിഷറീസ് ഹാർബറിന്റെ പുലിമുട്ടിന്റെ വലതുഭാഗത്താണ് കടൽ ഏതാണ്ട് 100 മീറ്ററോളം ഉള്ളിലേക്ക് കയറി നിരവധി വീടുകൾക്കും മറ്റു വസ്തുതകൾക്കുമെല്ലാം നാശം ഉണ്ടാക്കിയിരിക്കുന്നത്. ഇതുപോലെ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. ആ പ്രദേശത്തെ ജനങ്ങൾ വിശ്വസിക്കുന്നത് ഈ ഹാർബറിന്റെ നിർമ്മാണ പ്രവർത്തനത്തിൽ വേണ്ടത്ര ജാഗ്രതയോ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളോ ഏർപ്പെടുത്താത്തതുകൊണ്ടാണ് ഹാർബർ നിർമ്മിക്കുന്ന പുലിമുട്ടിന്റെ വലതുഭാഗത്തുമാത്രമായി ഇത്രയും രൂക്ഷമായ കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നാണ്. ഞാൻ ഇന്നലെ ആ പ്രദേശത്ത് പോയിരുന്നു. തിരമാലകൾ അടിച്ചുകയറി കടൽഭിത്തിയുള്ള ഭാഗം പരിപൂർണ്ണമായും തകർന്നിട്ടുണ്ട്.

കടൽഭിത്തി ഇല്ലാത്ത ഭാഗത്ത് തിരമാലകൾ ഉള്ളിലേക്ക് കയറി കടൽവെള്ളം നിരവധി മേഖലകളിൽ പടർന്ന് ഒഴുകി വീടിനകത്തും പുറത്തും വല്ലാത്ത ദുസഹമായ ഒരു സാഹചര്യമാണ് അവിടത്തെ ജനങ്ങൾ ഇന്ന് അനുഭവിക്കേണ്ടിവരുന്നത്. അതുകൊണ്ട് രോഷാകുലരായ ആ പ്രദേശത്തെ ജനങ്ങൾ ഏതാണ്ട് ഒരു മാസത്തിനുമുമ്പുതന്നെ വന്ന് ഈ ഹാർബർ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തിയിരിക്കുകയാണ്. അർത്തുങ്കൽ ഫിഷറീസ് ഹാർബർ ആ പ്രദേശത്തെ ജനങ്ങളുടെ ഒരു സ്വപ്നപദ്ധതിയാണ്. ആ പദ്ധതി നിർമ്മിക്കുമ്പോൾ അതിനാവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നത് തീരദേശ മത്സ്യത്തൊഴിലാളികൾ വളരെ നേരത്തെ തന്നെ ആവശ്യപ്പെട്ടിരുന്നതായിരുന്നെങ്കിലും വേണ്ടത്ര ജാഗ്രത കാണിച്ചില്ല എന്നതാണ് ഇപ്പോഴത്തെ ഈ സംഭവങ്ങൾ വിളിച്ചു പറയുന്നത്. അതുകൊണ്ട് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തികൊണ്ട്, ആ പ്രദേശത്തുണ്ടായിരിക്കുന്ന നാശനഷ്ടത്തിനിരായ ആളുകൾക്കാവശ്യമായ ധനസഹായം ഏർപ്പെടുത്തികൊണ്ട്, നിലച്ചുപോയ ഹാർബറിന്റെ നിർമ്മാണ പ്രവർത്തികൾ എത്രയും വേഗം ആരംഭിക്കാൻ ആവശ്യമായ ക്രമീകരണങ്ങളും ആവശ്യമായ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങൾക്ക് 75 ശതമാനം കേന്ദ്രസഹായ പദ്ധതിയിലുൾപ്പെടുത്തി 49.39 ലക്ഷം രൂപയ്ക്ക് കേന്ദ്രസർക്കാരിന്റെയും തുടർന്ന് സംസ്ഥാന

സർക്കാരിന്റെയും ഭരണാനുമതി ലഭിക്കുകയും ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ചേർത്തല തീരദേശ മേഖലയിൽ ആയിരംതൈത്തെ, തൈക്കൽ, അർത്തുങ്കൽ, ചേന്നവാലി തുടങ്ങിയ ഭാഗങ്ങളിൽ 14-5-2014-ൽ ശക്തമായ കടലാക്രമണം അനുഭവപ്പെട്ടിരുന്നു. വടക്കെ പുലിമുട്ട്-ൽ നിന്ന് ഏകദേശം 500 മീറ്റർ വടക്കോട്ടുമാറിയാണ് കടലാക്രമണം ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ടത്. കടലാക്രമണത്തെുടർന്ന് അർത്തുങ്കൽ ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ പ്രവർത്തികളും 14-5-2014 മുതൽ തടസ്സപ്പെടുത്തിയിരിക്കുകയാണ്. ഈ പ്രദേശത്തെ ജനങ്ങൾ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തോടെയാണ് ഇപ്രകാരം കടലാക്രമണം രൂക്ഷമായതെന്നാരോപിച്ചാണ് പ്രവർത്തി തടസ്സപ്പെടുത്തിയിരിക്കുന്നത്. ഇതെതുടർന്ന് 15-5-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. തിലോത്തമന്റെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ട്രേറ്റിൽനടന്ന യോഗതീരുമാനമനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഒരു താല്ക്കാലിക സംവിധാനമെന്ന നിലയ്ക്ക് കടലാക്രമണം നേരിടുന്ന രണ്ട് വീടുകളുടെ പടിഞ്ഞാറുഭാഗത്തെ ഏകദേശം 100 മീറ്റർ നീളത്തിൽ 15 ലോഡ് കല്ല് പാക്ക് ചെയ്യുകയും വീടുകൾക്ക് താല്ക്കാലിക സംരക്ഷണം നൽകുകയുമുണ്ടായി. ഫിഷിംഗ് ഹാർബറിനുവേണ്ടി പുലിമുട്ടുകളുടെ നിർമ്മാണം മതിയായ ഇൻവെസ്റ്റിഗേഷനുകൾക്കുശേഷം ഐ.ഐ.റ്റി., ചെന്നൈയിൽ നടത്തിയ മോഡൽ സ്റ്റഡിപ്രകാരമാണ് ആരംഭിച്ചിട്ടുള്ളത്. കൂടാതെ ഈ പ്രവർത്തിക്കായി പരിസ്ഥിതി ആഘാതപഠനം നടത്തുകയും സെൻട്രൽ ഗവൺമെന്റിന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുള്ളതാണ്. അതനുസരിച്ചാണ് ഇവിടെ പ്രവർത്തി നടന്നുവരുന്നത്. മേൽപ്പറഞ്ഞ ഏജൻസിയുടെ പഠ

നറിപ്പോർട്ടുപ്രകാരം പുലിമുട്ടിന്റെ വടക്കെഭാഗത്തുള്ള തീരസംരക്ഷണം സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നുംതന്നെ ഇല്ലായിരുന്നു. അതുകൊണ്ടാണ് തീരസംരക്ഷണത്തിനുള്ള പ്രവർത്തികളൊന്നും ഹാർബർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നത്. എന്നിരുന്നാലും എം.എൽ.എ. ഇവിടെ സൂചിപ്പിച്ച കടലാക്രമണത്തിന്റെ മോഡൽ സ്റ്റഡി നടത്തിയ ഏജൻസിയായ ഐ.ഐ.റ്റി. ചെന്നൈയുടെ ശ്രദ്ധയിൽ ഈ പ്രശ്നം കൊണ്ടുവന്നു. ഈ സാഹചര്യത്തിൽ കടലാക്രമണത്തിന്റെ രൂക്ഷഭാവം കണക്കിലെടുത്ത് ചെന്നൈ ഐ.ഐ.റ്റി.-യുടെ ഡിപ്പാർട്ടുമെന്റ് ഓഫ് ഓഷ്യനോഗ്രാഫിയെ ചുമതലപ്പെടുത്തുകയും അവരുടെ പഠനറിപ്പോർട്ടു പ്രകാരം ചേന്നവാലി ഭാഗത്ത് രണ്ട് പുലിമുട്ടുകളുടെ ശൃംഖലയും, തെക്കൻ ബീച്ചിനു വടക്കോട്ട് ഒരു പുലിമുട്ട് ശൃംഖലയും, തെക്കൻ ബീച്ചിന് തെക്കോട്ട് ഒരു പുലിമുട്ട് ശൃംഖലയും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചേന്നവാലി, ചെത്തി, ഫിഷ്ഹാർബറിന്റെ വടക്കുവശം ചേർന്ന് ഒരു പുലിമുട്ട് ശൃഖലയും നബാർഡിന്റെ ധനസഹായത്തോടെ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും അതനുസരിച്ച് ടെണ്ടർ നടപടികൾ ജലവിഭവവകുപ്പ് നടത്തിവരികയാണ്. അർത്തുങ്കൽ ഹാർബറിന്റെ തെക്കുവശത്തൊരു പുലിമുട്ട് ശൃംഖലയും തെക്കൻ ബീച്ചിന്റെ വലതുവശത്തൊരു പുലിമുട്ട് ശൃംഖലയും നടപ്പിലാക്കുന്നതിനുവേണ്ടി ചെന്നൈ, ഐ.റ്റി.എ.-യെ ചുമതലപ്പെടുത്തിയിട്ടുള്ള നടപടികൾ ജലവിഭവവകുപ്പിൽ നടന്നുവരുന്നു. 3-6-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ മേൽപ്പറഞ്ഞ ഭാഗങ്ങളിലെ പുലിമുട്ട് പഠനം നടത്തുന്നതിനുള്ള തുകയും അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ ഇവിടത്തെ ജനങ്ങൾ പുലിമുട്ടോടുകൂടിയ കടൽഭിത്തി ഈ ഭാഗങ്ങളിൽ

നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ ഭാഗങ്ങളിൽ കടലാക്രമണം രൂക്ഷമായ സമയത്ത് കല്ലുകളിട്ട് അടിയന്തര പ്രവർത്തികൾ നടത്തിയിട്ടുള്ളതാണ്. കടൽക്ഷോഭത്തിലും കടലാക്രമണത്തിലും ഭൂമിയും വസ്തുവകകളും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി റവന്യൂ ഡിപ്പാർട്ടുമെന്റ് നടത്തിവരികയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച ഈ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ഈ പ്രശ്നം പരിഹരിക്കാൻ ബന്ധപ്പെട്ട ജനപ്രതിനിധിയുടെയും എം.എൽ.എ. യുടെയും ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുൾപ്പെടെയുള്ളവരുടെ ഒരു യോഗം ജില്ലാ കളക്ടർ അടിയന്തരമായി വിളിച്ചുച്ചേർത്ത് ഈ പ്രശ്നം പരിഹരിക്കാനും ഹാർബർ നിർമ്മാണം പുനരാരംഭിക്കാനുമുള്ള നടപടികൾ ഉടൻ ഉണ്ടാകുന്നതാണ്.

<u>പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധി</u>

<u>ഡോ. എൻ. ജയരാജ്:</u> സർ, പ്രാദേശിക പത്ര-ദൃശ്യ വാർത്തകൾ ദേശീയശ്രദ്ധ ആകർഷിക്കുന്ന ഒരു കാലഘട്ടമാണ്. പ്രാദേശിക വിഷയങ്ങൾ ഗൗരവമായി ജനങ്ങളുടെയും ജനപ്രതിനിധികളുടെയും മുമ്പിൽ എത്തിക്കുന്നതിൽ പ്രാദേശിക ചാനലുകളും പത്രപ്രവർത്തകരും വളരെ നല്ല പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. കേരളത്തിലെ പ്രാദേശിക പത്രപ്രവർത്തകരായും ചാനൽ റിപ്പോർട്ടർമാരായും ക്യാമറാമാന്മാരുമായി ഏതാണ്ട് ആയിരത്തിൽപ്പരം ആളുകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. പക്ഷേ അവർക്ക് അടിസ്ഥാന ശമ്പളമില്ല, പത്ര ഉടമസ്ഥർ അവരെ അവരുടെ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. കമ്മീഷൻ വ്യവസ്ഥയിലാണ് പലപ്പോഴും അവർ

പ്രവർത്തിക്കുന്നത്. പരസ്യം പിടിക്കുന്നതിന്റെയും വാർത്ത കൊടുക്കുന്ന തിന്റെയും കമ്മീഷനായി ലഭിക്കുന്ന 3,000 രൂപ മുതൽ 4,000 രൂപയാണ് അവരുടെ മാസവരുമാനം. ഗവൺമെന്റ് അന്യസംസ്ഥാന തൊഴിലാളികളുടെ കാര്യങ്ങളിൽ വളരെ ശ്രദ്ധയോടുകൂടിയ പ്രവർത്തനങ്ങൾ നിർവ്വഹിക്കു മ്പോൾ ഏതാണ്ട് രാത്രി 12 മണിവരെ പ്രദേശിക വാർത്തകൾ കണ്ടെത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്ന ദൃശ്യ – മാധ്യമ പ്രവർത്തകരുടെ കാര്യ ങ്ങളിൽ കൃത്യമായ ഒരിടപെടലുണ്ടായിട്ടില്ല. 2012-13–ൽ പ്രാദേശിക പത്രപ്ര വർത്തകർക്കുള്ള ക്ഷേമനിധി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചുവെങ്കിലും ഇപ്പോഴും അക്കാര്യത്തിൽ കാര്യമായ ഒരു പ്രവർത്തനത്തിലേയ്ക്ക് പോകാൻ കഴിഞ്ഞിട്ടില്ല. ആരെയൊക്കെ ഈ മേഖലയിൽ ഉൾപ്പെടുത്തണ മെന്ന സ്വാഭാവികമായ ഒരു പ്രശ്നം ഇതിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് പത്ര ഉടമകളുമായും പ്രാദേശിക ചാനൽ ഉടമകളുമായും ഗവൺമെന്റ് സംസാരിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന പ്രാദേശിക ദൃശ്യ ചാനലുകളുടെ ക്യാമറാമാന്മാർക്കും പത്രപ്രവർത്തകർക്കുമുള്ള ക്ഷേമനിധി എത്രയും വേഗം ഏർപ്പെടുത്താൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെ ന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ഡോ. എൻ. ജയരാജ് എം.എൽ.എ. –യുടെ നിർദ്ദേശങ്ങൾ വളരെ പരിഗണനാർഹമാണ്. 2012-13–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അൻപതാം ഐറ്റമായി ധനകാര്യ വകുപ്പുമന്ത്രി പ്രാദേശിക പത്ര പ്രവർത്തക ക്ഷേമനിധി പ്രഖ്യാപിച്ചിരുന്നു.

അതിനുവേണ്ടി ഒരുകോടി രൂപ മാറ്റിവയ്ക്കാനും അദ്ദേഹം തയ്യാറാണെന്ന് അറിയിക്കുകയുണ്ടായി. അതിന്റെ തുടർച്ചയായി 15-12-2012–ൽ ഇൻഫർമേഷൻ ആന്റ് പി. ആർ. ഡിപ്പാർട്ട്മെന്റ് പ്രാദേശിക പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി രൂപീകരിക്കുവാനുള്ള ഭരണാനുമതിയും നൽകി. ഇതുമായി ബന്ധപ്പെട്ട ചില ചർച്ചകളും നടത്തുകയുണ്ടായി. ഈ ക്ഷേമനിധിയിലേയ്ക്ക് എംപ്ലോയേഴ്സിന്റെ പങ്കാളിത്തം കൂടിയുണ്ടാകണം. സംസ്ഥാന ഗവൺമെന്റിന് മാത്രം വഹിക്കാവുന്ന ബാദ്ധ്യതയല്ലിത്. പത്രത്തിന്റെ കാലം കഴിഞ്ഞുപോയി. ഇപ്പോൾ മാധ്യമങ്ങളാണ്. പ്രിന്റ് മീഡിയയും വിഷ്വൽ മീഡിയയുമുണ്ട്. അതുകൊണ്ട് പത്രപ്രവർത്തകർ എന്നുമാത്രം പറയാൻ കഴിയില്ല, മാധ്യമ പ്രവർത്തകർ എന്നുപറയേണ്ടിവരും. ഒരുപ്രശ്നമുള്ളത് പ്രാദേശിക പത്ര പ്രവർത്തകരിൽ ആരെല്ലാം ഉൾപ്പെടും; നമ്മുടെ അസംബ്ലി മണ്ഡലങ്ങളിൽ, എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുകളിൽ മാത്രമല്ല, വാർഡുകളിൽപ്പോലും correspondents ഉണ്ട്. അവരെല്ലാം പാർട്ട്ടൈം ആയി ജോലി ചെയ്യുന്ന ആളുകളാണ്. അവരെ എങ്ങനെ ഡിഫൈൻ ചെയ്യും; ഏത് തലംവരെയുള്ളവരെ പ്രാദേശിക പത്രപ്രവർത്തകരിൽ ഉൾപ്പെടുത്താം; അതുപോലെ കേബിൾ ടി.വി. ഓപ്പറേറ്റേഴ്സുണ്ട്, പ്രാദേശിക ചാനലുകളുണ്ട്. ഇതിന്റെ വ്യാപ്തിയെ സംബന്ധിച്ച് ഇപ്പോഴും ഒരു ധാരണയുണ്ടായിട്ടില്ല. ഏതായാലും ഇവരിൽ പലരും പാർട്ട്ടൈം ആയി ജോലി ചെയ്യുന്നവരാണ്. പത്രമുടമകളുടെ എംപ്ലോയീസിന്റെ ലിസ്റ്റിൽ ഇവരുടെ ആരുടെയും പേര് കാണില്ല. എങ്ങനെ ഇവരെ ഐഡന്റിഫൈ ചെയ്യും എന്നീ കാര്യങ്ങൾ സംബന്ധിച്ച് തീർച്ചയായും കെ.യു.ഡബ്ല്യൂ.ജെ.–യുമായി ചർച്ചകൾ നടത്തി അവരുടെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷം നടപടി സ്വീകരിക്കുന്ന

താണ്. ഏതായാലും ഇത് ഗവൺമെന്റ് അംഗീകരിച്ച കാര്യമാണ്. ഇതിന്റെ നടത്തിപ്പ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ തയ്യാറാക്കേണ്ടതുണ്ട്. അക്കാര്യത്തിൽ തീർച്ചയായും നടപടികൾ സ്വീകരിക്കുന്നതാണ്.

ഡോക്ടർമാരുടെയും ജീവനക്കാരുടെയും അപര്യാപ്തത

ശ്രീ. സി. പി. മുഹമ്മദ്: സർ, പാലക്കാട് ജില്ലയിലെ പടിഞ്ഞാറെ അറ്റത്തുകിടക്കുന്ന, അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു പട്ടണമാണ് പട്ടാമ്പി. ഇവിടെ ആശുപത്രി സൗകര്യങ്ങൾ താരതമ്യേന കുറവാണ്. പട്ടാമ്പിയിലെ ഹോസ്പിറ്റലിന് താലൂക്ക് സ്റ്റാറ്റസ് നൽകിയെങ്കിലും താലൂക്ക് ആശുപത്രിക്കാവശ്യമായ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റേയും കുറവ് ആശുപത്രിയുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു. അതിനാൽ അടിയന്തരമായി ഒരു താലൂക്കാശുപത്രിക്കുവേണ്ട ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ അഭ്യർത്ഥിക്കുന്നു. പാലക്കാട് നിന്ന് 70 കി.മീറ്റർ അകലെയുള്ള പട്ടാമ്പി താലൂക്കാശുപത്രിയെ അധികം വൈകാതെ ഒരു ജില്ലാ ആശുപത്രിയാക്കി മാറ്റാൻ അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്ത് 15 കിലോമീറ്ററിനുള്ളിൽ വേറൊരു ജില്ലാശുപത്രി സ്ഥാപിച്ച ചരിത്രം ഞാൻ പ്രത്യേകം അനുസ്മരിക്കുന്നു. പി.എച്ച്.സി.-യിൽനിന്നും സി.എച്ച്.സി - ആക്കിയ കൊപ്പത്തും സി.എച്ച്.സി.-ക്ക് ആവശ്യമായ ഡോക്ടർമാരുടെയും സ്റ്റാഫിന്റേയും നിയമനം ഉടൻ നടത്തുവാനഭ്യർത്ഥിക്കുന്നു. പട്ടാമ്പിയിൽ ഒരു കാരുണ്യാ മെഡിക്കൽ സ്റ്റോർ അനുവദിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ: സർ, പട്ടാമ്പി ഹോസ്പിറ്റലിലെ പ്രതിദിന ശരാശരി ഒ.പി. 510–ഉം ഐ.പി. 52–ഉം ആണ്. ഈ ആശുപത്രിയിൽ 7 ഡോക്ടർമാരുൾപ്പെടെ 47 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സൂപ്രണ്ടിന്റേതുൾപ്പെടെ 4 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. കൺസൾട്ടന്റ് (മെഡിസിൻ) – 1 ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) – 1, സർജറി – 1. ഇതിൽ സൂപ്രണ്ട്, കൺസൾട്ടന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേനയാണ് നികത്തേണ്ടത്. പ്രസ്തുത പ്രൊമോഷനുകൾ നടത്തുന്നതിന് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ആവശ്യമായതിനാൽ ആയത് ലഭിക്കുന്ന മുറയ്ക്ക് പ്രൊമോഷൻ നടത്തി ഒഴിവുകൾ നികത്തുന്നതാണ്. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി.ജി. ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനംവഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഒഴിവുള്ള മറ്റ് തസ്തികകളിൽ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ പി.എസ്.സി. നിയമനം വഴിയും നഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവ് പ്രൊമോഷൻ മുഖേനയും ആശുപത്രി അറ്റൻഡറുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമുള്ള നിയമനംവഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനായി അഡ്ഹോക് വ്യവസ്ഥയിൽ ഒരു ഡോക്ടറേയും ഒരു ഫാർമസിസ്റ്റിന്റേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. പട്ടാമ്പി താലൂക്കാശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയവും ജില്ലാശുപത്രിയാ

ക്കുന്നതിനുള്ള ആവശ്യവും സർക്കാർ പരിശോധിക്കുന്നതാണ്. പ്രസ്തുത ആശുപത്രിയിൽ ഒരു കാരുണ്യാ ഫാർമസി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 16-11-2008–ൽ സി.എച്ച്.സി. ആയി ഉയർത്തിയ കൊപ്പം ആശുപത്രിയിൽ ഒരു സൂപ്രണ്ടിന്റേയും രണ്ട് അസിസ്റ്റന്റ് സർജന്മാരുടേതുമടക്കം 66 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. 20 കിടക്കകളുള്ള ഈ ആശുപത്രിയിലെ ഒ.പി 650 മുതൽ 750 വരേയും ഐ.പി. 8 മുതൽ 10 വരെയുമാണ്. ഈ ആശുപത്രിയിലെ ഡോക്ടർമാരുടെ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല. കൂടാതെ എൻ.ആർ.എച്ച്.എം മുഖേന ഒരു ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഒഴിവുള്ള മറ്റ് തസ്തികകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>പഴശ്ശി പദ്ധതിയുടെ ഷട്ടർ, കനാൽ നവീകരണം</u>

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, കണ്ണൂർ ജില്ലയിലെ ജലസേചനത്തിനായുള്ള പദ്ധതി പഴശ്ശി മാത്രമാണ്. 10 കോടി രൂപയിൽ വിഭാവന ചെയ്ത പദ്ധതിക്ക് പത്തിരട്ടിയിലധികം രൂപ ചെലവഴിച്ചു. എന്നാൽ ഫലപ്രദമായി ജലസേചനം നടത്തുവാൻ കഴിയുന്നില്ല. കൃഷിക്കാവശ്യമായിട്ടുള്ള ജലസേചനത്തിനും സാധ്യതയില്ല. അതുപോലെ കോടികൾ മുടക്കി പദ്ധതിക്കുവേണ്ടി ധാരാളം സ്ഥലമെടുത്തു. പക്ഷേ ആ സ്ഥലങ്ങളെല്ലാം ഇന്ന് കാടുപിടിച്ചും ആളുകൾ കയ്യേറിയും അനധികൃത കെട്ടിടങ്ങൾ നിർമ്മിച്ചും മറ്റും അനാഥമായി കിടക്കുകയാണ്. ആവശ്യമില്ലാത്ത സ്ഥലങ്ങൾ വില ഈടാക്കിക്കൊണ്ട് ഉടമകൾക്ക് മടക്കിക്കൊടുക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതുണ്ട്. ഒരു ജലസേചന പദ്ധതി എന്ന നിലയിൽ നടക്കാതെ വന്നപ്പോഴാണ് കണ്ണൂരിന് കുടിവെള്ളം നൽകുന്ന ഒരു

പദ്ധതിയായി ഇതിനെ ക്രമപ്പെടുത്താനാലോചിക്കുകയും ആ രീതിയിൽ ഇപ്പോൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയുമാണ്. എന്നാൽ ഷട്ടറുകളുടെ നവീകരണം പലപ്രദമായി നടത്താത്തതുകൊണ്ട്, 2009–ലും 2011–ലും വെള്ളപ്പൊക്കമുണ്ടായപ്പോൾ ഷട്ടർ ഉയർത്താൻ സാധിച്ചില്ല. അതുമൂലം വലിയ നാശനഷ്ടങ്ങളുണ്ടായി. അതിനെത്തുടർന്ന് ഷട്ടർ നവീകരണത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 7 കോടിരൂപയുടെ അനുമതി നൽകി. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിൽപ്പോലും അത് സമയബന്ധിതമായി, മഴയ്ക്കുമുമ്പ് തീർക്കുമെന്നുപറഞ്ഞുവെങ്കിലും രണ്ട് മഴ കഴിഞ്ഞുപോയിട്ടും പണി തീർക്കാൻ കഴിയുന്നില്ല. ഇപ്പോഴത്തെ അവസ്ഥ മഴയില്ലാത്ത സമയത്ത് കുടിവെള്ളത്തിനുപോലും ആവശ്യമായ ജലം തടഞ്ഞുനിർത്താൻ സാധിക്കുന്നില്ല എന്നതാണ്. ഞങ്ങൾ ഡി.ഡി.സി. യോഗത്തിൽ ഇക്കാര്യം രണ്ടുപ്രാവശ്യം ചോദിച്ചു. പെർമിസീവായ ജലനിരപ്പ് എത്രയാണെന്നുചോദിച്ചപ്പോൾ 21 മീറ്റർവരെ ജലം സംഭരിക്കാമെന്ന് ആദ്യ യോഗത്തിൽപറഞ്ഞു. ഇപ്പോൾ പുഴയൊക്കെ വെള്ളമില്ലാതെ വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. രണ്ടാമത്തെ യോഗത്തിൽ ഇപ്പോൾ സംഭരിക്കുന്ന ജലമെത്രയെന്ന് ചോദിച്ചപ്പോൾ 15 മീറ്റർ മാത്രമാണ് സംഭരിക്കുന്നതെന്ന് പറഞ്ഞു. അതുകൊണ്ട് പഴശ്ശി പദ്ധതിയുടെ പർപ്പസ് സെർവ് ചെയ്യത്തക്കവിധത്തിൽ ഷട്ടറുകൾ നവീകരിച്ച് ഫലപ്രദമായി ജലം സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക, ആവശ്യമില്ലാതെ അക്വയർ ചെയ്ത് കാടുപിടിച്ചുകിടക്കുന്ന, അനധികൃതമായി കയ്യേറ്റങ്ങൾ നടക്കുന്ന സ്ഥലങ്ങളെങ്കിലും പൊതു ആവശ്യങ്ങൾക്കുൾപ്പെടെ തിരികെ കൊടുത്ത് ആ കാര്യത്തിലും ഒരു തീരുമാനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 2012 ആഗസ്റ്റ് ആറാം തീയതിയിലുണ്ടായ ഉരുൾപ്പൊട്ടലും കനത്ത വെള്ളപ്പൊക്കവും കാരണം പഴശ്ശി ബാരേജിന്റെ എല്ലാ ഷട്ടറുകളും തുറക്കാൻ കഴിയാതിരിക്കുകയും ബാരേജ് കവിഞ്ഞ് വെള്ളം ഒഴികുന്നതിനെത്തുടർന്ന് ബാരേജിന്റെ എല്ലാ ഷട്ടറുകളും പുനർ നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. രണ്ട് ഷട്ടറുകളുടെ പുനർനിർമ്മാണം മുമ്പ് പൂർത്തീകരിച്ചതിനാൽ ബാക്കിയുള്ള 14 ഷട്ടറുകളുടെ പുനർനിർമ്മാണം മെസ്സേഴ്സ് കേരള ഇലക്ട്രിക്കൽ ആന്റ് അലയ്ഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)– നെ ചുമതലപ്പെടുത്തിയിട്ടുള്ളതും അവർ 25-08-12–ൽ പ്രവൃത്തി ആരംഭിക്കുകയും ഇതുവരെ ആറ് ഷട്ടറുകളുടെ പണി പൂർത്തീകരിക്കുകയും രണ്ട് ഷട്ടറുകളുടെ പണി ഇപ്പോൾ നടത്തിവരികയുമാണ്. എല്ലാ ഷട്ടറുകളുടെയും പുനർനിർമ്മാണ പ്രവൃത്തി 2015 മാർച്ച് അവസാനത്തോടെ പൂർത്തീകരിക്കാമെന്ന് കരുതുന്നു. ഷട്ടറുകളുടെ പുനർനിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നതിനാലും അടിയന്തരഘട്ടങ്ങളിൽ എല്ലാ ഷട്ടറുകളും പെട്ടെന്ന് ഉയർത്താൻ സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാലും ഷട്ടർ പുനർനിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്നതുവരെ സുരക്ഷയെക്കരുതി ജലനിരപ്പ് 14.5 - 15 മീറ്ററിനിടയിൽ നില നിർത്തുകയാണ്. സമ്മർ സീസണിലെ ജലവിതരണത്തിനായി നവംബർ മാസം ഒടുവിൽ ബാരേജിന്റെ ഷട്ടറുകളെല്ലാം അടച്ച് റിസർവ്വോയറിൽ ജലസംഭരണം നടത്തുന്നതാണ്. ഷട്ടറുകളുടെ പുനർനിർമ്മാണം നടത്തുന്നതിനാൽ ഈ സമയത്തെ ജലവിതാനം 22 മീറ്ററിൽക്കൂടുതൽ ആകരുതെന്ന് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം നിലവിലുണ്ട്. ഡാം

റീഹാബിലിറ്റേഷൻ & ഇംപ്രൂവ്മെന്റ് പ്രോഗ്രാമിൽ, വെള്ളപ്പൊക്കക്കെടുതിയെ തുടർന്നുണ്ടായ റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റിനും വേണ്ടി ഡാം സുരക്ഷാ കമ്മീഷണറുടെ നിർദ്ദേശാനുസരണമുള്ള പ്രവൃത്തികൾക്ക് 10 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കിവരുന്നു. കനാലുകളുടെ പുനരുദ്ധാരണത്തിനായി 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കനാലിന്റെ ഏറ്റവും മോശമായ ഭാഗങ്ങൾ പുനരുദ്ധരിക്കാനായി 1.7 കോടി രൂപയുടെ 9 പ്രവൃത്തികൾ അറേയ്ഞ്ച് ചെയ്തിട്ടുണ്ട്. നാലെണ്ണം പൂർത്തീകരിച്ചിട്ടുളളതും ബാക്കിയുള്ളത് പുരോഗതിയിലുമാണ്. കനാലുകൾ കാര്യക്ഷമമാക്കാൻ അത്യാവശ്യമായ റിപ്പയറിംഗിനും പുനരുദ്ധാരണത്തിനുമായി എ.ഐ.ബി.പി. (ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം) സ്കീമിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിലേയ്ക്ക് 12 കോടി രൂപ അടങ്കൽ തുകയുടെ പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. സ്ഥലങ്ങളെല്ലാം കാടുപിടിച്ച് കിടക്കുന്നുവെന്നുള്ള പരാതി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുകയുണ്ടായി. അക്കാര്യത്തിൽ പ്രത്യേക ശ്രദ്ധകൊടുക്കുന്നതാണ്.

## കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജ്

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ചിമ്മിനി ഡാം പ്രോജക്ടിലെ സുപ്രധാനമായ ഒരു പദ്ധതിയാണ് കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജ്. ഇവിടെ എല്ലാവർഷവും മണ്ണ് ഉപയോഗിച്ച് ചിറ കെട്ടിവരികയാണ്. നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഇതുമൂലം ഉയർന്നുവരുന്നുണ്ട്. എന്നും മൺചിറകെട്ടുക എന്നത് നഷ്ടവും അസാധ്യവുമാണ്. അതുകൊണ്ട് ചിമ്മിനി

ഡാമിലെ വെള്ളം പൂർണ്ണമായും ഉപയോഗിക്കാൻ കാനത്തോട് റെഗുലേറ്റർ–കം–ബ്രിഡ്ജിന്റെ പണി പൂർത്തീകരിക്കണം. ഈ ആർ.സി. ബി.–ക്ക് മലബാർ ഇറിഗേഷൻ പ്രോജക്ട് (മിർപ)–യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഡിസൈനും എസ്റ്റിമേറ്റും തയ്യാറായിട്ടുള്ളതാണ്. പ്രസ്തുത ബ്രിഡ്ജിന്റെ പണി വളരെ പ്രധാനപ്പെട്ടതാണ്. അത് എത്രയും വേഗം പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ചിമ്മിനി ഡാമിൽനിന്നും കോൾ നിലങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്ന കുറുമാലി നദിയിലെ വാസപുരം ചിറയുടെ ഡൗൺ സ്ട്രീമിലുള്ള കാനത്തോട് ചിറയിലാണ് കാനത്തോട് റെഗുലേറ്റർ കം–ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. താൽക്കാലിക ബണ്ട് മഴക്കാലത്ത് ഒലിച്ചു പോകുന്നതിനാലും വേനൽക്കാലത്ത് വീണ്ടും നിർമ്മിക്കേണ്ടി വരുന്നതിനാലുമാണ് ഷട്ടറോടുകൂടിയ റെഗുലേറ്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. കാനത്തോട് റെഗുലേറ്റർ–കം–ബ്രിഡ്ജിന്റെ പ്രവൃത്തിക്കുവേണ്ടി 2010–ൽ ഇൻവസ്റ്റിഗേഷൻ നടത്തി, ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയത്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനെക്കുറിച്ച് ചീഫ് എഞ്ചിനീയർ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് 22-03-12–ൽ നൽകുകയും അതനുസരിച്ച് ഡിസൈൻ തയ്യാറാക്കുകയും ചെയ്തു. 2012–ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം 14.84 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരു

ന്നു. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2013-ൽ മാറുകയും സി.പി.ഡബ്ല്യു.ഡി. റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുകയും ചെയ്തു. ഇതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.